LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായം സ്വരൂപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. തുടർന്ന് ടി വിഷയത്തിൽ സംസ്ഥാനതല സാങ്കേതിക ശില്പശാല സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭ്യമായ വിവിധ വകുപ്പുകളുടെ അഭിപ്രായവും സമിതി റിപ്പോർട്ടും സർക്കാർ പരിശോധിച്ചു വരുന്നു.

മണലൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് 2011-12 മുതൽ നടപ്പിലാക്കിയ പദ്ധതികൾ

206 (214) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) 2011-12 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളും ഇവയ്ക്കായി നീക്കിവെച്ച തുകയും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

എയർ കേരള പദ്ധതി

207 (215) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയർ കേരള' പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.